# പതിനഞ്ചാം കേരള നിയമസഭ

ആറാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2022 ആഗസ്റ്റ് 29, തിങ്കൾ

**നമ്പർ 80**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ ഉത്തരത്തിനുള്ള തിരുത്ത് :

പതിനഞ്ചാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 2022 ജൂൺ 29- ാം തീയതിയിലെ നക്ഷത്രചിഹ്നമിടാത്ത 1029- ാം നമ്പർ ചോദ്യത്തിന്റെ തിരുത്തൽ വരുത്തിയ മറുപടി ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം, പാർലമെന്ററികാര്യ വകുപ്പുമന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ മേശപ്പുറത്തുവച്ചു.

അടിയന്തരപ്രമേയം :

കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളം രണ്ടുമാസമായി മുടങ്ങിയതും കോവിഡിനുശേഷം ബസ് സർവ്വീസുകൾ പൂർണമായി പുനഃസ്ഥാപിക്കാൻ പരാജയപ്പെട്ടതും കാരണം സാധാരണക്കാരായ ജനങ്ങൾ കഷ്ടത അനുഭവിക്കുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. എം. വിൻസെന്റും മറ്റ് നാല് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. ഗതാഗത വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

KNPP.1224/2022(i).

ശ്രദ്ധ ക്ഷണിക്കൽ :

(1) ആഗോള വാണിജ്യകരാറുകളുടെ ഫലമായും നാഫെഡ് കൊപ്ര സംഭരണത്തിൽ വീഴ്ച വരുത്തിയതുമൂലവും നാളികേര വിലയിൽ ഉണ്ടായ തകർച്ചയിലേക്ക് ശ്രീ. സി.എച്ച്. കുഞ്ഞമ്പു കൃഷി വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) ആലപ്പുഴ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. രമേശ് ചെന്നിത്തല ആരോഗ്യ- വനിത- ശിശുവികസന വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. വി. ജോയി | ഓൺലൈൻ വായ്പാ തട്ടിപ്പ് | മുഖ്യമന്ത്രി |
| 2 | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | തദ്ദേശസ്വയംഭരണ വകുപ്പിന്റെ ആസ്തിയിൽ ഉൾപ്പെട്ടിട്ടുള്ള കോട്ടയത്തെ പ്രവൃത്തികളുടെ പൂർത്തീകരണം | തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി ക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം, പാർലമെന്ററികാര്യ വകുപ്പുമന്ത്രി |
| 3 | ശ്രീ. വി. ആർ. സുനിൽ കുമാർ | ഹൈസ്കൂൾതലം മുതൽ പാഠഭാഗങ്ങളിൽ നിയമപഠനം ഉൾപ്പെടുത്തുന്നതിന് നടപടി | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 4 | ശ്രീ. സജി ചെറിയാൻ | ആംബുലൻസ് സർവീസുകൾക്ക് പ്രവർത്തന മാർഗ്ഗരേഖ | ഗതാഗത വകുപ്പുമന്ത്രി |
| 5 | ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ | ഗോശ്രീ പാലങ്ങളും അനുബന്ധ അപ്രോച്ച് റോഡുകളും പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് നടപടി | പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി |
| 6 | ശ്രീ. പി. കെ. ബഷീർ | ഏറനാട്ടിലെ റോഡ് നവീകരണവുമായി ബന്ധപ്പെട്ട പീപ്പിൾ അഫക്റ്റഡ് പ്രൊജക്ടിന്റെ പൂർത്തീകരണം | പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി |
| 7 | ശ്രീ. അനൂപ് ജേക്കബ് | പെരുവാമൂഴി-പിറവം റോഡ് പൂർത്തീകരണം | പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി |
| 8 | ശ്രീ. ടി. ജെ. വിനോദ് | വാതുരുത്തി, വടുതല, അറ്റ്ലാന്റിസ് റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ | പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി |
| 9 | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | കണ്ണൂർ ജില്ലാ ആശുപത്രിയുടെ പ്രവർത്തനം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 10 | ശ്രീ. എ. സി. മൊയ്തീൻ | കുന്നംകുളം താലൂക്കാശുപത്രിയുടെ വികസന പ്രവർത്തനങ്ങൾ | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

റിപ്പോർട്ട് സമർപ്പണം :

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു.

(i) 2022 - ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ, 2022 - ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ റിപ്പോർട്ട്.

(ii) 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ റിപ്പോർട്ട്.

(iii) 2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ റിപ്പോർട്ട്.

(iv) 2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ റിപ്പോർട്ട്.

നിയമനിർമ്മാണകാര്യം :

സബ്ജക്ട് കമ്മറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും :

**(1) 2022 - ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ**

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവൻ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022 - ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിൽ വിയോജിപ്പ് രേഖപ്പെടുത്തിയ ശ്രീ. പി. അബ്ദുൽ ഹമീദ്, ശ്രീ. സജീവ് ജോസഫ് എന്നീ അംഗങ്ങൾ സംസാരിച്ചു.

2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. കെ. കെ. രാമചന്ദ്രൻ അവതരിപ്പിച്ച് സംസാരിച്ചു. പ്രസ്തുത ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. ടി. ജെ. വിനോദ് ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച് സംസാരിച്ചു.

ചർച്ചയ്ക്കും മന്ത്രിയുടെ മറുപടിക്കും ശേഷം ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കുകയും, ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന ഭേദഗതി സഭ വോട്ടിനിട്ട് തള്ളുകയും ചെയ്തു. തുടർന്ന് ബിൽ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും ഭേദഗതികളൊന്നും കൂടാതെ സഭ പാസ്സാക്കുകയും ചെയ്തു.

### (2) 2022 - ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി ശ്രീ. അഹമ്മദ് ദേവർകോവിൽ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തിയ ശ്രീമതി ഉമ തോമസ് സംസാരിച്ചു.

2022 - ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. സജി ചെറിയാൻ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. എച്ച്. സലാം അവതരിപ്പിച്ച് സംസാരിച്ചു. പ്രസ്തുത ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. പി. കെ. ബഷീർ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച് സംസാരിച്ചു.

ചർച്ചയ്ക്കും മന്ത്രിയുടെ മറുപടിക്കും ശേഷം ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കുകയും, ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന ഭേദഗതി സഭ തള്ളുകയും ചെയ്തു. തുടർന്ന് ബിൽ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ സഭ പാസ്സാക്കുകയും ചെയ്തു.

<u>രണ്ടാം വകുപ്പ്</u>

ഖണ്ഡം 2(1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(3)-ൽ "റീജിയണൽ" എന്നതിനു പകരം "മേഖലാ" എന്ന് ചേർക്കുക.

<u>ആറാം വകുപ്പ്</u>

ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(1എ)-ൽ "സാമ്പത്തികമര്യാദ" എന്നതിന് പകരം "സാമ്പത്തിക അച്ചടക്കം" എന്ന് ചേർക്കുക.

<u>ഏഴാം വകുപ്പ്</u>

(i) ഖണ്ഡം 7-ൽ “ ഇനിപ്പറയുന്ന " എന്നതിന് പകരം "താഴെപ്പറയുന്ന" എന്ന് ചേർക്കുക.

(ii) ഖണ്ഡം 7(3)-ന്റെ ക്ലിപ്തനിബന്ധനയുടെ അവസാന ഭാഗത്ത് താഴെപ്പറയുന്ന വാചകം കൂട്ടി ചേർക്കുക:

“ ഏതെങ്കിലും ജീവനക്കാരനെതിരെ ബോർഡ് അച്ചടക്ക നടപടി എടുക്കുന്ന സംഗതിയിൽ പ്രസ്തുത ജീവനക്കാരന് സർക്കാരിലേയ്ക്ക് അപ്പീൽ സമർപ്പിക്കാവുന്നതും പ്രസ്തുത അപ്പീലിന്മേലുള്ള സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.”

(iii) 7 - ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 17 - ാം വകുപ്പിന്റെ (4) - ാം ഉപവകുപ്പിൽ "പ്രസ്തുത തസ്തികകൾ” എന്ന വാക്കുകൾക്ക് പകരം “ ആ തസ്തികകളുടെ എൻട്രി കേഡർ” എന്നീ വാക്കുകൾ ചേർക്കുക.

2022 ആഗസ്റ്റ് 30-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 03.23-ന് സഭ പിരിഞ്ഞു.

**എ. എം. ബഷീർ,**
*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

Sixth Session

# BULLETIN—PART I

(Brief Record of Proceedings)

*Monday, August 29, 2022*

**No. 80**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Four Questions in the list of Questions posted for the day were answered orally.

*Correction of answer to Unstarred Question:*

The Corrected answer to Unstarred question No. 1029 dated 29th June 2022 of Fifth session of the Fifteenth Kerala Legislative Assembly was laid on the Table by Shri K. Radhakrishnan, Minister for Welfare of Scheduled Castes, Scheduled Tribes and Backward Classes, Devaswoms and Parliamentary Affairs on behalf of Minister for Water Resources.

*Adjournment Motion:*

After hearing the Minister for Transport, the Speaker withheld consent to the moving of an adjournment motion given notice of by Shri M. Vincent and four other Members regarding the serious situation reported to have arisen consequent on the suffering of the common people due to failure in the complete restoration of the bus services after the Covid and the delay in disbursement of salaries for two months to the employees in the KSRTC.

(As a mark of protest against the attitude of the Government the Members belonging to opposition staged a walkout)

KNPP.1224/2022(ii).

*Calling Attention :*

1. Shri C. H. Kunhambu called the attention of the Minister for Agriculture to the slash in price of coconut due to global trade agreements and failure in procurement of coconut kernels by NAFED. The Minister for Food and Civil Supplies on behalf of the Minister for Agriculture made a statement thereto.

2. Shri Ramesh Chennithala called the attention of the Minister for Health and Woman and Child Development to the necessity to take steps to make the functioning of Alappuzha Medical College more efficient. The Minister made a statement thereto.

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. വി. ജോയി | ഓൺലൈൻ വായ്പാ തട്ടിപ്പ് | മുഖ്യമന്ത്രി |
| 2 | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | തദ്ദേശസ്വയംഭരണ വകുപ്പിന്റെ ആസ്തിയിൽ ഉൾപ്പെട്ടിട്ടുള്ള കോട്ടയത്തെ പ്രവൃത്തികളുടെ പൂർത്തീകരണം | തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം, പാർലമെന്ററികാര്യ വകുപ്പുമന്ത്രി |
| 3 | ശ്രീ. വി. ആർ. സുനിൽ കുമാർ | ഹൈസ്കൂൾതലം മുതൽ പാഠഭാഗങ്ങളിൽ നിയമപഠനം ഉൾപ്പെടുത്തുന്നതിന് നടപടി | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 4 | ശ്രീ. സജി ചെറിയാൻ | ആംബുലൻസ് സർവീസുകൾക്ക് പ്രവർത്തന മാർഗ്ഗരേഖ | ഗതാഗത വകുപ്പുമന്ത്രി |
| 5 | ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ | ഗോശ്രീ പാലങ്ങളും അനുബന്ധ അപ്രോച്ച് റോഡുകളും പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് നടപടി | പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി |
| 6 | ശ്രീ. പി. കെ. ബഷീർ | ഏറനാട്ടിലെ റോഡ് നവീകരണവുമായി ബന്ധപ്പെട്ട പീപ്പിൾ അഫക്റ്റഡ് പ്രൊജക്റ്റിന്റെ പൂർത്തീകരണം | പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി |
| 7 | ശ്രീ. അനൂപ് ജേക്കബ് | പെരുവാമൂഴി-പിറവം റോഡ് പൂർത്തീകരണം | പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി |
| 8 | ശ്രീ. ടി. ജെ. വിനോദ് | വാതുരുത്തി, വടുതല, അറ്റ്ലാന്റിസ് റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ | പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി |
| 9 | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | കണ്ണൂർ ജില്ലാ ആശുപത്രിയുടെ പ്രവർത്തനം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 10 | ശ്രീ. എ. സി. മൊയ്തീൻ | കുന്നംകുളം താലൂക്കാശുപത്രിയുടെ വികസന പ്രവർത്തനങ്ങൾ | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Presentation of Reports:*

The following reports were presented.

(i) Reports of Subject Committee-IV on The Kerala Industrial Single Window Clearance Boards and Industrial Township Area Development (Amendment) Bill, 2022 and The Kerala Public Enterprises (Selection And Recruitment) Board Bill, 2022.

(ii) Report of Subject Committee-VI on the University Laws (Amendment) Bill, 2022.

(iii) Report of Subject Committee-VIII on the Kerala Fiscal Responsibility (Amendment) Bill, 2022

(iv) Report of Subject Committee-IX on the Kerala Local Self Government Common Service Bill, 2022.

*Legislative Business :*

Motion for Consideration and further stages of the following Bills as reported by the Subject Committee :

**(1) The Kerala Co-operative Societies (Second Amendment) Bill, 2022.**

Shri V. N. Vasavan, Minister for Co-operation and Registration moved the motion that The Kerala Co-operative Societies (Second Amendment) Bill, 2022 as reported by the Subject Committee be taken up for consideration.

Shri P. Abdul Hameed and Shri Sajeev Joseph who recorded their dissent to the Subject Committee Report spoke.

Shri K. K. Ramachandran moved an amendment to circulate the The Kerala Co-operative Societies (Second Amendment) Bill, 2022 for obtaining public opinion and spoke. Shri U. A. Lathif as authorised by Shri T. J. Vinod moved another amendment to recommit the Bill to the same Subject Committee and spoke.

After discussion and reply of the Minister the amendment to circulate the Bill for obtaining public opinion was withdrawn by the leave of the House and the amendment to recommit the Bill to the same Subject Committee was put to vote and declared lost. Then the Bill as reported by the Subject Committee was taken into consideration and was passed without any amendments.

**(2) The Kerala Maritime Board (Amendment) Bill, 2022.**

Shri Ahammad Devarkovil, Minister for Ports, Museums and Archaeology moved the motion that The Kerala Maritime Board (Amendment) Bill, 2022 as reported by the Subject Committee be taken up for consideration.

Smt. Uma Thomas who recorded her dissent to the Subject Committee Report spoke.

Shri H. Salam as authorised by Shri Saji Cherian moved an amendment to circulate the The Kerala Maritime Board (Amendment) Bill, 2022 for obtaining public opinion and spoke. Shri N. Samsudheen as authorised by Shri P. K. Basheer moved another amendment to recommit the Bill to the same Subject Committee and spoke.

After discussion and reply of the Minister the amendment to circulate the Bill for obtaining public opinion was withdrawn by the leave of the House and the amendment to recommit the Bill to the same Subject Committee was declared lost. Then the Bill as reported by the Subject Committee was taken into consideration and passed by the House with the following amendments.

രണ്ടാം വകുപ്പ്

ഖണ്ഡം 2(1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(3)-ൽ "റീജിയണൽ" എന്നതിനു പകരം "മേഖലാ" എന്ന് ചേർക്കുക.

ആറാം വകുപ്പ്

ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(1 എ)-ൽ "സാമ്പത്തികമര്യാദ" എന്നതിന് പകരം "സാമ്പത്തിക അച്ചടക്കം" എന്ന് ചേർക്കുക.

ഏഴാം വകുപ്പ്

(i) ഖണ്ഡം 7-ൽ “ഇനിപ്പറയുന്ന " എന്നതിന് പകരം "താഴെപ്പറയുന്ന" എന്ന് ചേർക്കുക.

(ii) ഖണ്ഡം 7(3)-ന്റെ ക്ലിപ്തനിബന്ധനയുടെ അവസാന ഭാഗത്ത് താഴെപ്പറയുന്ന വാചകം കൂട്ടി ചേർക്കുക:

“ഏതെങ്കിലും ജീവനക്കാരനെതിരെ ബോർഡ് അച്ചടക്ക നടപടി എടുക്കുന്ന സംഗതിയിൽ പ്രസ്തുത ജീവനക്കാരന് സർക്കാരിലേയ്ക്ക് അപ്പീൽ സമർപ്പിക്കാവുന്നതും പ്രസ്തുത അപ്പീലിന്മേലുള്ള സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.”

(iii) 7- ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 17- ാം വകുപ്പിന്റെ (4)- ാം ഉപവകുപ്പിൽ "പ്രസ്തുത തസ്തികകൾ” എന്ന വാക്കുകൾക്ക് പകരം “ആ തസ്തികകളുടെ എൻട്രി കേഡർ” എന്നീ വാക്കുകൾ ചേർക്കുക.

The House adjourned at 03.23 p.m. to meet again at 9.00 a.m. on Tuesday August 30, 2022.

A. M. BASHEER,
*Secretary.*